DESPATCHED
on..7/2/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1465*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **11373**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.രാം മോഹൻ എസ്.,
രാമനിലയം, കടക്കരപ്പള്ളി പി.ഒ.,
ചേർത്തല, പിൻ – 688 529. } **അപ്പീൽ ഹർജിക്കാരൻ**

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡെപ്യൂട്ടി സെക്രട്ടറി,
വനം വന്യജീവി (ബി) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
അഡീഷണൽ ചീഫ് സെക്രട്ടറി,
വനം വന്യജീവി വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.07.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09.10. 2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27.10. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 30.10.2020 |
| ഹിയറിംഗ് നടന്ന തീയതി | 20.12.2022, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. അപ്പീൽ ഹർജിക്കാരൻ 22.07.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കേരള സംസ്ഥാനത്തിൽ പട്ടയം ലഭിച്ചിട്ടുള്ള വനഭൂമിയിൽ നിന്നും പാട്ടാദാർക്ക് ആഞ്ഞിലിയും പ്ലാവും ഉൾപ്പെടുന്ന 11 ഇനം മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങളാണ്.

i) പട്ടയം ലഭിച്ചിട്ടുള്ള വനഭൂമിയിൽ നിന്നും 11 ഇനം മരങ്ങൾ മുറിക്കുന്നതിന് 15.03.1993 തീയിതയിൽ G.O(MS)23/93/വനം എന്ന ഉത്തരവിന് നിലവിൽ സാധ്യതയുണ്ടോയെന്നും അസാധുവാണെങ്കിൽ അസാധുവായ സർക്കാർ ഉത്തരവ് നമ്പർ എത്രയെന്നും

ii) 09.07.2015 തീയിതയിൽ G.O(MS)49/15/വനം എന്ന ഉത്തരവിന് നിലവിൽ സാധുതയുണ്ടോയെന്നും അസാധുവാണെങ്കിൽ അസാധുവായ സർക്കാർ ഉത്തരവ് നമ്പർ എത്രയെന്നും

iii) നിലവിൽ പട്ടയം ലഭിച്ച കൈവശ ഭൂമിയിൽ നിന്നും മരങ്ങൾ മുറിക്കുന്നതിനായി ഏതെങ്കിലും സർക്കാർ ഉത്തരവുണ്ടോയെന്നും ഉണ്ടെങ്കിൽ ഉത്തരവിന്റെ നമ്പർ നൽകണമെന്നും തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. തുടർന്ന് 20.09.2020ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 09.10.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, വിവരാവകാശ നിയമത്തിലെ 2(f) വകുപ്പിൽ നിർവ്വചിച്ചിരിക്കുന്നതു പ്രകാരം 'Information' എന്നാൽ പ്രസ്തുത വകുപ്പിൽപ്പറയുന്ന 'ഭൗതീകരേഖകൾ' (material documents)മാത്രമാണെന്നും ചട്ടത്തിൽ അനുശാസിക്കുന്ന ഫീസ് ഒടുക്കി ഇവയുടെ പകർപ്പുകൾ പൊതു അധികാരിയിൽ നിന്നും കൈപ്പറ്റാവുന്നതാണെന്നും അല്ലെങ്കിൽ പ്രസ്തുത നിയമത്തിലെ 2(j) വകുപ്പുപ്രകാരം 'ഭൗതീകരേഖകൾ' പരിശോധിക്കുകയോ കുറിച്ചെടു

ക്കുകയോ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എടുക്കുകയോ ചെയ്യാവുന്നതാണെന്നും വിവരാവകാശ നിയമം സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഓഫീസ് മെമ്മോറാണ്ടങ്ങൾ പ്രകാരം എസ്.പി.ഐ.ഒ.യോ അപ്പീൽ അധികാരിയോ **'Information'** സൃഷ്ടിച്ച് നൽകേണ്ടതില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും വിവരാവകാശ നിയമത്തിൽ 'വിവരം' എന്നതുകൊണ്ട് വിവക്ഷിക്കുന്നതെന്താണെന്ന് കമ്മീഷൻ 17.05.2010ൽ പുറപ്പെടുവിച്ച പത്രക്കുറിപ്പിലെ ഇനം(1)ൽ വ്യക്തമാക്കിയിട്ടുണ്ടെന്നും കൂടാതെ ചോദ്യാവലിക്ക് മറുപടി നൽകാൻ വിവരാവകാശ നിയമത്തിൽ വ്യവസ്ഥയില്ലെന്നുമാണ്. എങ്കിലും ഹർജിക്കാരന് ലഭ്യമായ വിവരത്തിൽ കൂടുതൽ എന്തെങ്കിലും വിവരം ലഭ്യമാണെങ്കിൽ ആയത് ടിയാന് നേരിട്ട് ലഭ്യമാക്കുന്നതിനായി പരാമർശം (1)ലെ അപേക്ഷയുടെയും പരാമർശം(3)ലെ അപ്പീലിന്റെയും പകർപ്പുകൾ ടി നിയമത്തിലെ 6(3) വകുപ്പുപ്രകാരം വനം വകുപ്പ് ആസ്ഥാനത്തെ എസ്.പി.ഐ.ഒ.യ്ക്കും ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ എസ്.പി.ഐ.ഒ.യ്ക്കും നൽകിക്കൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളുംപരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, നൽകാൻ കഴിയുന്ന വിവരങ്ങളെല്ലാം ഹർജിക്കാരന് നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/